# വിയറ്റ്നാം കേരളത്തിന്റെ വയറ്റത്തടിക്കുന്നു

## വിദേശത്തുനിന്നു കാർഷികോൽപന്നക്കടത്ത്: കേരളത്തിൽ വിലയിടിയുന്നു

**വാസുദേവ ഭട്ടതിരി**

കൊച്ചി • സംസ്ഥാനത്തെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് അടിസ്ഥാനമായ കൃഷി മേഖല നേരിടുന്നതു ഗുരുതര പ്രതിസന്ധി. അധികൃതരുടെ അനാസ്ഥയും അന്യായമായ നടപടികളും മൂലമുണ്ടാകുന്ന വിലത്തകർച്ചമുതൽ പ്രതികൂലമാകുന്ന കാലാവസ്ഥ വരെ കർഷകരെ പ്രയാസത്തിലാക്കുന്ന പ്രശ്നങ്ങൾ ഏറെ.

കാർഷികോൽപന്നങ്ങൾ വിദേശത്തുനിന്നു കള്ളക്കടത്തായി എത്തുന്നതാണു കൃഷി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. അധികൃതരുടെ അനാസ്ഥയോ ഒത്താശയോ മൂലമാണു കള്ളക്കടത്തു നിർബാധം നടക്കുന്നത്.

കള്ളക്കടത്ത് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്നതു കുരുമുളകു കർഷകർക്കാണ്. നേരത്തെ വിയറ്റ്നാമിൽനിന്നു ശ്രീലങ്ക വഴിയായിരുന്നു കുരുമുളകിന്റെ കള്ളക്കടത്തെങ്കിൽ ഇപ്പോൾ നേപ്പാൾ വഴിയും ചരക്കു സുലഭമായി എത്തുന്നു. വിയറ്റ്നാം കുരുമുളകു വില കുറച്ചും വേണ്ടത്ര അളവിലും ലഭിക്കുമെന്നുവന്നതോടെ ഉത്തരേന്ത്യൻ വിപണിയിൽ കേരളത്തിൽനിന്നുള്ള ഉൽപന്നത്തിനു ഡിമാൻഡില്ലാതായിരിക്കുന്നു. വിലയും കനത്ത തകർച്ച നേരിടുകയാണ്. ഒരു മാസത്തിനിടയിൽ ക്വിന്റലിന് 1200 രൂപയുടെ ഇടിവാണു സംഭവിച്ചിരിക്കുന്നത്. രാജ്യാന്തര വിപണിയിൽ ഇന്ത്യൻ കുരുമുളകിന്റെ നിരക്ക് കൂടിയ നിലവാരത്തിലായതിനാൽ കയറ്റുമതി പ്രതീക്ഷകളിലും ഇടിവ്.



കുരുമുളകിന്റെ കാര്യത്തിലെന്നപോലെ ചുക്കിനും വിദേശത്തുനിന്നുള്ള ഉൽപന്ന വരവു ഭീഷണിയാകുന്നുണ്ട്. ചൈനയിൽനിന്ന് ഉത്തരേന്ത്യൻ വിപണികളിലേക്കു ചുക്ക് എത്തുന്നതിനാൽ കേരളത്തിലേക്കു വ്യാപാരാന്വേഷണങ്ങൾ കുറഞ്ഞുവരുന്നു.

കശുവണ്ടിപ്പരിപ്പും കള്ളക്കടത്തായി എത്തുന്നുവെന്നു റിപ്പോർട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ ഇത് ഇന്ത്യൻ കശുവണ്ടിപ്പരിപ്പുമായി കലർത്തി കയറ്റുമതി ചെയ്യുകയാണത്രേ. മാസം 15 കോടി രൂപയുടെ വിയറ്റ്നാം പരിപ്പ് കേരളത്തിൽ എത്തുന്നുണ്ടെന്നാണു സൂചന.

മഴക്കാലത്ത് ഉൽപാദനം കുറയുമെന്നതിനാൽ കേരോൽപന്നങ്ങളുടെ വില നിലവാരം വർധിക്കുമെന്നായിരുന്നു പ്രതീക്ഷ. തമിഴ്നാട്ടിൽനിന്നുള്ള ഉൽപന്ന വരവിൽ കുറവുണ്ടായിട്ടുകൂടി വിലകൾ മെച്ചപ്പെട്ടില്ലെന്നതാണു യാഥാർഥ്യം. വെളിച്ചെണ്ണയ്ക്കു പകരമെന്നോണം പല ബ്രാൻഡുകളിലുള്ള മിശ്രിത എണ്ണകൾ വിപണിയിലെത്തുന്നതും കേര കർഷകരെ നിരാശപ്പെടുത്തുന്നു. സൂര്യകാന്തി എണ്ണ, പാമൊലിൻ എന്നിവയിൽ വെളിച്ചെണ്ണ മിശ്രണം ചെയ്തുള്ള ഉൽപന്നം വെളിച്ചെണ്ണയുടെ ഏതാണ്ടു പകുതി വിലയ്ക്കു ലഭ്യമാണ്.

കാപ്പി കർഷകരെയും വിലത്തകർച്ച പ്രയാസത്തിലാക്കി. വിപണിയിൽ കാപ്പിയുടെ ലഭ്യത വർധിച്ചതാണു വിലയിടിവിനു കാരണമായത്. കഴിഞ്ഞ വർഷത്തെ നിലവാരവുമായി താരതമ്യപ്പെടുത്തിയാൽ 20 ശതമാനത്തിലേറെ വിലയിടിവുണ്ടായി.

ഇറക്കുമതിക്കുള്ള തുറമുഖ നിയന്ത്രണത്തിൽ ഇളവു വരുത്തിയതിന്റെ ആശങ്കയിലാണു റബർ കർഷകർ. വിലത്തകർച്ച മൂലം ബുദ്ധിമുട്ടിലായ കർഷകരെ കൂടുതൽ പ്രയാസത്തിലാക്കുന്ന നടപടിയാണിതെന്ന് ഇൻഫാം ഉൾപ്പെടെയുള്ള സംഘടനകൾക്കു പരാതിയുണ്ട്. അസംസ്കൃതവസ്തു എന്ന നിലയിൽ ഇറക്കുമതി ചെയ്യുന്ന റബർ ആറു മാസത്തിനകം ഉൽപന്നമാക്കി കയറ്റുമതി ചെയ്തിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കപ്പെടില്ലെന്നും പദ്ധതിയുടെ മറവിൽ വൻതോതിൽ ഇറക്കുമതി നടക്കുമെന്നും ഇതു കൂടുതൽ വിലയിടിവിന് ഇടയാക്കുമെന്നും കർഷകർ ഭയപ്പെടുന്നു.

കനത്ത തോതിലുള്ള മഴ മൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്കാണ് ഏലം കർഷകർക്കു പറയാനുള്ളത്. ഇടുക്കി ജില്ലയിൽ ഏലച്ചെടികൾ വ്യാപകമായി നശിച്ചിട്ടുള്ളതു മൂലം ഇത്തവണത്തെ വിളവെടുപ്പിൽ ഗണ്യമായ കുറവുണ്ടാകുമെന്നാണു വിലയിരുത്തൽ.

തേയില ഉൽപാദനത്തെയും മഴ ബാധിച്ചിട്ടുണ്ട്. ഈ മാസവും അടുത്ത മാസവുമായി ഉൽപാദനത്തിൽ 20 ശതമാനമെങ്കിലും കുറവുണ്ടാകുമെന്നു തേയില കമ്പനികൾ കണക്കാക്കുന്നു.

കനത്ത മഴ റബർ ഉൽപാദനത്തെയും ബാധിച്ചിട്ടുള്ളതിനാൽ ഉൽപാദനത്തിൽ കാര്യമായ കുറവാണു കണക്കാക്കുന്നത്. സാധാരണ ഗതിയിൽ മേയ് - ജൂൺ കാലയളവിൽ 40,000 ടൺ റബറാണ് ഉൽപാദനം. ഇത്തവണ അത്രയുമുണ്ടാകില്ലെന്ന് ഉറപ്പായിട്ടുണ്ട്.